**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2432 — 08/12/2015-ൽ മറുപടിക്ക്

## ആദിവാസി മേഖലകളിലെ പട്ടിണി മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മാത്യു റ്റി.തോമസ് :<br>,, സി.കെ.നാണു :<br>ശ്രീമതി.ജമീലാ പ്രകാശം :<br>ശ്രീ.ജോസ് തെറ്റയിൽ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷമായി പോഷകാഹാരക്കുറവ് മൂലവും സാംക്രമിക രോഗങ്ങൾ ബാധിച്ചും എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുന്നതിനും മരണ നിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പൂർണ്ണമായി സൗജന്യ ചികിത്സാ പദ്ധതിയാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റ് കോളനികൾ സന്ദർശിച്ച് ആവശ്യമായ ചികിൽസകളും മതിയായ ബോധവൽക്കരണ പരിപാടിയും നടപ്പിലാക്കിവരുന്നു. ജനനി ജന്മരക്ഷാ പദ്ധതി, ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ എന്നീ പദ്ധതികൾ നടപ്പിലാക്കുക വഴി പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പരിരക്ഷ, പോഷകാഹാര ലഭ്യത എന്നിവ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അട്ടപ്പാടിയിലെ ശിശു മരണങ്ങളെയും ബന്ധപ്പെട്ട പ്രശ്നങ്ങളെയും പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് എസ്. എം .വിജയാനന്ദ് ഐ .എ .എസ്. -ന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി എന്തെല്ലാം പ്രവർത്തന ങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | | ശ്രീ. എസ്.എം. വിജയാനന്ദ്, ഐ.എ.എസ്. ന്റെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി കേരളത്തിൽ വച്ച് മൂന്ന് യോഗങ്ങൾ ചേർന്നിരുന്നു. ടി യോഗതീരുമാന പ്രകാരം എൻ.ആർ.എൽ.എം. (നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ) പദ്ധതികൾ നടപ്പിലാക്കുവാനായി കുടുംബശ്രീ സമർപ്പിച്ച പ്രോജക്ടിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുമതി നൽകുകയും ആയതിന്റെ ഒന്നാം ഘട്ടം നടപ്പിലാക്കിയിട്ടുമുണ്ട്. കൂടാതെ കമ്പ്യൂട്ടർ മോണിറ്ററിംഗ് സംവിധാനത്തിലൂടെ യൂണിസെഫ്, എൻ.ആർ.എച്ച്.എം, സാമൂഹ്യ നീതി വകുപ്പ് എന്നിവയിലൂടെ സ്വീകരിച്ച പദ്ധതികൾ നടപ്പാക്കിവരുന്നു. പി.എം.ജി.എസ്.വൈ.യുടെ അധികാരത്തോടെ 16 റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടത്തിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാം ടി കമ്മിറ്റിയുടെ അധികാരത്തോടെ ആവിഷ്കരിച്ച് സർക്കാർ നടപ്പാക്കിവരുന്നു. |

R.V

സെക്ഷൻ ഓഫീസർ